File No.LSGD-DD2/350/2018-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>**സംഗ്രഹം**</u>

തദ്ദേശസ്വയംഭരണ വകുപ്പ്-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-NON-DSR സാമഗ്രികളുടെ ലോക്കൽ മാർക്കറ്റ് നിരക്കുകൾ നിശ്ചയിക്കുന്നതിനുള്ള ജില്ലാതലകമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.3159/2018/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 17/12/2018

---

പരാമർശം:- മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 14.11.2018- ലെ 957/ഇ.ജി.എസ്.-സി/16/ആർ.ഇ.ജി.എസ് നമ്പർ കത്ത്

<u>**ഉത്തരവ്**</u>

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സാധന ഘടകം ഉൾപ്പെടുത്തി പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ സെക്യൂർ (SECURE) സോഫ്റ്റ്‌വെയറിൽ ഉൾക്കൊള്ളിച്ചിട്ടുള്ള നിരക്കുകൾ പ്രകാരമാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നത്. തദ്ദേശ സ്വയംഭരണം(എഞ്ചിനിയറിംഗ് വിഭാഗം), പൊതുമരാമത്ത്, ഇറിഗേഷൻ മുതലായ വകുപ്പുകളിൽ ഉപയോഗിക്കുന്നതും PRICE സോഫ്റ്റ്‌വെയറിൽ ഉൾപ്പെട്ടിട്ടുള്ളതുമായ ലോക്കൽ മാർക്കറ്റ് നിരക്കുകളാണ് SECURE സോഫ്റ്റ്‌വെയറിലും ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ കാർഷിക മേഖലയിലും, മണ്ണ്/ജല സംരക്ഷണ മേഖലയിലും ഉള്ള പ്രവൃത്തികൾ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുമ്പോൾ ടി പ്രവൃത്തികൾക്ക് ആവശ്യമായ പല സാധനങ്ങളുടെയും(ഉദാ.മെടഞ്ഞ ഓല, ചാണകം, തൊണ്ട്, തുടങ്ങിയവ) ലോക്കൽ മാർക്കറ്റ് നിരക്കുകൾ SECURE സോഫ്റ്റ്‌വെയറിൽ ലഭ്യമല്ലാത്തതിനാൽ ഇത്തരം സാധനങ്ങളുടെ നിരക്കുകൾ നിശ്ചയിക്കുന്നതിന് ജില്ലാ തലത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കണമെന്ന് പരാമർശം പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉപയോഗിക്കേണ്ടി വരുന്നതും SECURE സോഫ്റ്റ്‌വെയറിൽ ലോക്കൽ മാർക്കറ്റ് നിരക്കുകൾ ലഭ്യമല്ലാത്തതുമായ Non-DSR സാധനങ്ങളുടെ നിരക്കുകൾ നിശ്ചയിക്കുന്നതിന് ഓരോ ജില്ലയിലും താഴെപറയുന്ന ഘടനയോടു കൂടിയ പ്രാദേശിക കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവാകുന്നു.

1. ജോയിന്റ് പ്രോഗ്രാം കോഓർഡിനേറ്റർ-അദ്ധ്യക്ഷൻ
2. എക്സിക്യൂട്ടീവ് എൻജിനിയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ (തദ്ദേശ സ്വയംഭരണം)-മെമ്പർ

3. പ്രിൻസിപ്പൽ കൃഷി ഓഫീസർ-മെമ്പർ
4. സോയിൽ സർവ്വേ ജില്ലാ ഓഫീസർ -മെമ്പർ
5. തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് തല അക്രെഡിറ്റഡ് എഞ്ചിനിയർ-മെമ്പർ

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോള് എബ്രഹാം**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമ വികസന കമ്മീഷണർ

പഞ്ചായത്ത് ഡയറക്ടർ

ചീഫ് എഞ്ചിനിയർ(തദ്ദേശസ്വയംഭരണം)

ഡയറക്ടർ, കൃഷി വകുപ്പ്

ഡയറക്ടർ, സോയിൽ സർവ്വേ & കൺസർവേഷൻ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHAJI T R
Date: 2018.12.[illegible]8 10:39:50 IST
സെക്ഷൻ ഓഫീസർ